## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1173** 11.06.2019-ൽ മറുപടിക്ക്

**ഒറ്റപ്പാലം ബൈപ്പാസ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ഉണ്ണി** | | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;<br><br>(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (എ) യും (ബി) യും | 27.09.2016-ലെ സ.ഉ(സാധാ)നം.1324/2016/പൊ.മ.വ പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം ബൈപ്പാസിന് 15 കോടി രൂപ അനുവദിക്കുകയും റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിക്കുകയും ചെയ്തിരുന്നു. ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുകയും 03.05.2018-ലെ സ.ഉ(സാധാ)നം.792/2018/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 79.42 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15.05.2018-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>03.09.2018-ൽ ആർ.ബി.ഡി.സി.കെ സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസർ 07.11.2018-ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഒറ്റപ്പാലം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ താലൂക്ക്, വില്ലേജ്, ഏകദേശ വിസ്തീർണ്ണം, സർവ്വേ നം. എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, പ്രൊഫോർമ എന്നിവ ഉൾപ്പെടെ ആർ.ബി.ഡി.സി.കെ ലഭ്യമാക്കിയ പ്രൊപ്പോസൽ തുടർ നടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ